# 4. മൃഗ ജൈവവ്യവസ്ഥയും മൃഗത്തെ കൊല്ലാനുള്ള അല്ലാഹുവിന്റെ അനുമതിയും

പി.എ. വാഹിദ്

മൃഗങ്ങളെ കൊന്ന് ഭക്ഷണത്തിനും മനുഷ്യന്റെ മറ്റു ആവശ്യങ്ങൾക്കും ഉപയോഗിക്കാനും, ബലി അർപ്പിക്കാനും ഖുർആനിൽ അനുവാദം നൽകിയ അല്ലാഹു എങ്ങനെ കാരുണ്യവാനാകും എന്ന ചോദ്യം പല വൃത്തങ്ങളിൽനിന്നും ഉയരുന്നത് കേൾക്കാറുള്ളതാണ്. ഹജ്ജ് വേളയിൽ ലക്ഷക്കണക്കിന് മൃഗങ്ങളെ മുസ്‌ലിംകൾ ബലിയറുത്ത് കൊല്ലുന്നതിലെ ക്രൂരതയെ വിമർശിക്കുന്നതും ചില മാധ്യമങ്ങളിൽ വരാറുണ്ട്. മുസ്‌ലിംകൾ തന്നെയും ഈ വിഷയത്തെ ശരിയായി മനസ്സിലാക്കിയിട്ടില്ല. മനുഷ്യ ബയോസിസ്റ്റത്തെയും മൃഗബയോസിസ്റ്റത്തെയും സംബന്ധിച്ച ഖുർആൻ വെളിപ്പെടുത്തുന്ന വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കാണാനാവുന്നതാണ്. ഖുർആന്റെ സമഗ്രമായ പഠനം ഇതിനാവശ്യമാണ്. അല്ലാഹുവെയും ഇസ്‌ലാംമതത്തെയും സംബന്ധിച്ച ഈ വക തെറ്റിദ്ധാരണകളുണ്ടാകുന്നത് ഖുർആൻ നല്ലപോലെ പഠിച്ചു മനസ്സിലാക്കാത്തതുകൊണ്ടാണ്. ഈ കാര്യങ്ങളൊക്കെ അല്ലാഹു തന്നെ ഖുർആനിൽ വ്യക്തമാക്കിത്തന്നിട്ടുണ്ട്. മൃഗബലി ഇസ്‌ലാംമത കർമ്മമായി അല്ലാഹു നിർദ്ദേശിച്ചതും, മൃഗങ്ങളെ ഭക്ഷണമാക്കിയതും, മൃഗങ്ങളെ അറുക്കാൻ അനുവദിച്ചതും, അവയെ മനുഷ്യനു വിധേയമാക്കിത്തന്നതുമെല്ലാം അവ സംബന്ധിച്ച ഖുർആൻ വെളിപാടുകളെ ശാസ്ത്രീയമായി വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നതാണ്. മനുഷ്യൻ മാത്രമല്ല മറ്റു ജീവികളെ കൊല്ലുന്നത്. പ്രകൃതിയിൽ ധാരാളം ജീവികൾ മറ്റു ജീവികൾക്കു ഭക്ഷണമായാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. മൃഗങ്ങൾ മാത്രമല്ല, പ്രാണികളും മറ്റുമെല്ലാം ഇതിലുൾപ്പെടുന്നു. ഒരു ജീവി മറ്റൊരു ജീവിയുടെ ഭക്ഷണമാകുമ്പോൾ തന്നെ അതിനു ഭക്ഷണമായി വേറെ ജീവികളുണ്ടായിരിക്കാം. ജീവികൾ പരസ്പരം കൊന്നു തിന്നുന്നതും ദൈവത്തിന്റെ ക്രൂരതയായിട്ടു മാത്രമെ ഖുർആൻ പഠിക്കാത്തവർക്കു കാണാൻ സാധിക്കുകയുള്ളു.

ഖുർആൻ വെളിപ്പെടുത്തുന്നത് മനുഷ്യൻ മാത്രമാണ് ബോധവും, തീരുമാന സ്വാതന്ത്ര്യവുമുള്ള സൃഷ്ടിയെന്നും, മറ്റുള്ള ജീവികളെല്ലാം അബോധാവസ്ഥയിൽ പ്രവർത്തിക്കുന്നവയാണെന്നും, ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ വസ്തുക്കളും മനുഷ്യാവശ്യങ്ങൾക്കായി അല്ലാഹു സൃഷ്ടിച്ചതാണെന്നുമാണ്. അല്ലാഹു മനുഷ്യനെയും പ്രപഞ്ചത്തെയും എന്തുദ്ദേശത്തോടെയാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുമ്പോൾ മാത്രമാണ് ബൃഹത്തായ ദൈവിക പദ്ധതിയിൽ മനുഷ്യന്റെയും മറ്റു സൃഷ്ടികളുടെയും പങ്കുകളെയും അവയുടെ സൃഷ്ടി സംവിധാനങ്ങളെയും രൂപകൽപനകളെയും വിലയിരുത്താനാവൂ. മനുഷ്യനെ അല്ലാഹുവിന്റെ ദാസനായും (ഖു. 51:56) പ്രപഞ്ചത്തെ മനുഷ്യനെ പരീക്ഷിക്കാനുള്ള അടിസ്ഥാന സൗകര്യമായുമാണ് (ഖു. 11:7) സൃഷ്ടിച്ചിരിക്കുന്നത്. ഭൂമിയാണ് പരീക്ഷണവേദി (ഖു. 7:24). മനുഷ്യന്റെ ആവശ്യങ്ങൾക്കായി ഭൂമിയിൽ പലയിനം വസ്തുക്കൾ നൽകിയതും (ഖു. 2:29; 15:19–21), സസ്യങ്ങൾ, ജന്തുക്കൾ, സമുദ്രോൽപന്നങ്ങൾ എന്നിവയെല്ലാം മനുഷ്യാവശ്യത്തിനുവേണ്ടിയാക്കിതും (ഖു. 55:10–12; 16:10–11, 14; 36:71–73; 40:79–80) അല്ലാഹു ഈ താൽക്കാലിക പരീക്ഷണശാലയിൽ സംവിധാനിച്ച സൗകര്യങ്ങളുടെയും, വിഭവങ്ങളുടെയും സജ്ജീകരണങ്ങളുടെയും ചില ഉദാഹരണങ്ങളാണ്.

ഇസ്‌ലാമാണ് അല്ലാഹു മനുഷ്യർക്കു നിശ്ചയിച്ച മതം. അത് അല്ലാഹുവിന്റെ കൽപനകളാണ്; മനുഷ്യപ്രോക്ത മതമല്ല ഇസ്‌ലാം. ഏകദൈവമായ അല്ലാഹുവിൽ വിശ്വസിച്ചു അവന്റെ നിർദ്ദേശങ്ങളനുസരിച്ചു മനുഷ്യൻ ജീവിക്കുന്നുണ്ടോയെന്ന് പരീക്ഷിക്കുകയാണിവിടെ. ഇസ്ലാംമതത്തിൽ അല്ലാഹു കൽപിച്ച ഒരു ആരാധനാകർമ്മമാണ് ഹജ്ജ്. ഹജ്ജിന്റെ ഭാഗമാണ് മൃഗബലി.

22:36–37 ബലി ഒട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുന്നു. നിങ്ങൾക്കവയിൽ ഗുണമുണ്ട്. അതിനാൽ അവയെ വരിവരിയായി നിർത്തിക്കൊണ്ട് അവയുടെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് ബലിയർപ്പിക്കുക. അങ്ങനെ അവ പാർശ്വങ്ങളിൽ വീണ് കഴിഞ്ഞാൽ അവയിൽ നിന്നെടുത്ത് നിങ്ങൾ ഭക്ഷിക്കുകയും, (യാചിക്കാതെ) സംതൃപ്തിയടയുന്നവന്നും, ആവശ്യപ്പെട്ടു വരുന്നവന്നും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക. നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടി അവയെ നിങ്ങൾക്ക് അപ്രകാരം നാം കീഴ്പെടുത്തിത്തന്നിരിക്കുന്നു. അവയുടെ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമ്മനിഷ്ഠയാണ് അവങ്കൽ എത്തുന്നത്. അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നൽകിയതിന്റെ പേരിൽ നിങ്ങൾ അവന്റെ മഹത്വം പ്രകീർത്തിക്കേണ്ടതിനായി അപ്രകാരം അവൻ അവയെ നിങ്ങൾക്ക് കീഴ്പെടുത്തി തന്നിരിക്കുന്നു. (നബിയേ,) സദ്‌വൃത്തർക്ക് നീ സന്തോഷവാർത്ത അറിയിക്കുക.

ഹജ്ജിൽ ബലിയറുക്കൽ നിർബന്ധമാണ്. മറ്റേത് സമയത്തും ബലിയർപ്പിക്കാവുന്നതുമാണ് (ഖു. 108:1–2). ഭക്ഷണാവശ്യത്തിനായി മൃഗത്തെ അറുക്കുമ്പോഴും അല്ലാഹുവിന്റെ നാമം ഉച്ചരിക്കേണ്ടതും (ഖു. 6:118), അല്ലാഹുവിന്റെതല്ലാത്ത നാമത്തിൽ അറുക്കപ്പെട്ടതിനെ ഭക്ഷിക്കൽ പാടില്ലാത്തതുമാകുന്നു (ഖു. 2:173).

ഖുർആൻ വെളിപ്പെടുത്തുന്ന മനുഷ്യ–മൃഗ ജൈവ വ്യവസ്ഥകളുടെ ചില സുപ്രധാന വിവരങ്ങളിൽനിന്നും മനസ്സിലാകുന്നത് മനുഷ്യനെപോലെ വേദനയോ മറ്റു വികാരങ്ങളോ മൃഗം അനുഭവിക്കുന്നില്ലെന്നാണ്. മനുഷ്യ–മൃഗ വ്യവസ്ഥകളെ ഖുർആൻ താരതമ്യം ചെയ്യുന്നത് കാണുക.

7:179 ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ധാരാളം പേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്; അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്; അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്; അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ.

25:44 അതല്ല, അവരിൽ അധികപേരും കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യുമെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കന്നുകാലികളെപ്പോലെ മാത്രമാകുന്നു. അല്ല, അവരാകുന്നു കൂടുതൽ വഴിപിഴച്ചവർ.


67:23 പറയുക: അവനാണ് നിങ്ങളെ സൃഷ്ടിച്ചതും നിങ്ങൾക്ക് കേൾവിയും കാഴ്ചകളും വികാരങ്ങളും (അഫ്ഇദ) ഉണ്ടാക്കിത്തന്നതും. കുറച്ചു മാത്രമേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ.

ഈ സൂക്തങ്ങളിലൂടെ ഖുർആൻ വെളിപ്പെടുത്തുന്നത് പ്രധാനമായും മൂന്നു കാര്യങ്ങളാണ്. ഒന്ന്, മൃഗങ്ങൾക്ക് കണ്ണും ചെവിയും ഉണ്ടെങ്കിലും മനുഷ്യൻ കാണുന്നത്പോലെയോ കേൾക്കുന്നത്പോലെയോ ഉള്ള അനുഭവം അവയ്ക്കില്ലെന്നാണ്. രണ്ട്, മൃഗത്തിനു വികാരങ്ങൾ (അറബിയിൽ ''അഫ്ഇദ'') ഇല്ലെന്നാണ്. മൂന്ന്, കാഴ്ചയും കേൾവിയും വികാരങ്ങളുമെല്ലാം മനുഷ്യനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ട സവിശേഷതകളാണ്. ഇതിൽനിന്നു വ്യക്തമാകുന്നത് മനുഷ്യനെ ബോധമുള്ള ജൈവ വ്യവസ്ഥയായും മൃഗത്തെ ബോധമില്ലാത്ത വ്യവസ്ഥയായുമായാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നതെന്നാണ് (വിചാരം ബുക്ക്സ് പ്രസിദ്ധീകരിച്ച *സൃഷ്ടിപ്പിന്റെ ദൈവികോദ്ദേശ്യം* എന്ന എന്റെ പുസ്തകം കാണുക. ജീവിയെ പ്രോഗ്രാം ചെയ്യപ്പെട്ട കമ്പ്യൂട്ടർ വ്യവസ്ഥയായി ഖുർആന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്നു). ജീവിയെ കമ്പ്യൂട്ടർ വ്യവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ ഖുർആൻ വെളിപ്പെടുത്തുന്ന മനുഷ്യ–മൃഗ വിവേചനം വ്യക്തമാകുന്നതാണ്.

ഒരു മൃഗം അടിയേറ്റു ഓടുമ്പോൾ അല്ലെങ്കിൽ അറുക്കപ്പെടുന്നയവസരത്തിൽ പിടയുന്നത് കാണുമ്പോൾ മനുഷ്യൻ വിചാരിക്കുക അത് വേദന അനുഭവിക്കുന്നതുകൊണ്ടാണ് പിടയുന്നതെന്നാണ്. അത്തരം സന്ദർഭങ്ങളിൽ മനുഷ്യനു വേദന അനുഭവപ്പെടുന്നതുകൊണ്ടാണ് മൃഗത്തെയും ആ വിധത്തിൽ കാണുന്നത്. വേദനയില്ലാതെയും

ആ വിധത്തിൽ പ്രതികരിക്കാനാവുമെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. സാധാരണ നിലയിൽ മനുഷ്യന് വികാരമുണ്ടാകുമ്പോൾ അയാൾ അതനുഭവിക്കുകയും (ബോധാവസ്ഥയ ിലുള്ള പ്രവർത്തനം) ബാഹ്യമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഉദാഹരണമായി ഒരാൾ മർദിക്കപ്പെടുമ്പോൾ ആന്തരികമായി വേദന അനുഭവിക്കുന്നു എന്നു മാത്രമല്ല അയാൾ മുഖഭാ വത്തിലൂടെയും മറ്റും ആ വേദന പ്രകടിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഒരു മൃഗം മർദി ക്കപ്പെടുമ്പോൾ ആന്തരികമായി വേദന അനുഭവപ്പെടുന്നില്ല. എങ്കിലും അത് പിടയുകയും ഓടാൻ ശ്രമിക്കുന്നതും കാണാം. അവയവങ്ങൾക്ക് മുറിവ് സംഭവിച്ചു രക്തമൊഴുകുന്ന സ്ഥിതി യിൽ ഒരു മൃഗം എഴുന്നേറ്റ് ഓടുന്നതു കാണാം. കാളപ്പോരിൽ കുന്തമുറിവുകളിൽനിന്നും ഒലിക്കുന്ന ചോരയുമായി കൊല്ലുന്നയാളുടെ കൈയിലുള്ള ചുവന്നതുണിയിലേക്ക് വീണ്ടും വീണ്ടും കാള ആകർഷിക്കപ്പെടുന്നത് കാണാം. എന്നാൽ ആ സ്ഥിതിയിൽ ഒരു മനുഷ്യൻ വേദന കൊണ്ട് പുളയുന്നതും നടക്കാൻ സാധിക്കാതിരിക്കുന്നതുമായാണ് കാണപ്പെടുക. മെഴു കുതിരി ജ്വാലയിൽ ചിറക് കരിഞ്ഞ പ്രാണി അബോധാവസ്ഥയിൽ വീണ്ടും മെഴുകുതിരിയി ലേക്ക് ആകർഷിക്കപ്പെടുന്നു. മൃഗവ്യവസ്ഥയിൽ ആന്തരികവും ബാഹ്യവുമായ ഓരോ പ്രവർത്തനവും അബോധാവസ്ഥയിലുള്ള പ്രവർത്തനമായി വീക്ഷിക്കാവുന്നതാണ്.

ഈ വസ്തുത കൂടുതൽ വ്യക്തമാകാൻ മനുഷ്യനിർമ്മിത റൊബോട്ടിന്റെ പ്രവർത്തനം പരിശോധിക്കാം. മനുഷ്യനിർമ്മിത റൊബോട്ട് കൃത്രിമജീവന്റെ രൂപമാണ്. ജപ്പാൻ കമ്പനിയായ ഹോണ്ടയാണ് ഈ രംഗത്ത് വളരെയധികം പുരോഗമിച്ചിരിക്കുന്നത്. ഈ കമ്പനിയുടെ അസ ിമോ റൊബോട്ടിനു 'കാണാ'നും 'കേൾക്കാ'നും നടക്കാനും ഓടാനും കളിക്കാനും പടികൾ കയറാനും മറ്റും സാധിക്കും. മനുഷ്യരൂപത്തിലാണ് അതിനെ സംവിധാനിച്ചിരിക്കുന്നതും (ചിത്രം 1 കാണുക). അത് പ്രവർത്തിക്കുന്നത് തികച്ചും അബോധാവസ്ഥയിലാണ്. അതായത് സിസ്റ്റത്തിന്റെ അകത്തുനിന്നും പുറത്തുനിന്നും ഉത്ഭവിക്കുന്ന സിഗ്നലുകൾ അതിന്റെ പ്രോഗ്രാം അനുസരിച്ച് അബോധാവസ്ഥയിൽ പ്രോസസ്സ് ചെയ്തു പ്രവർത്തിക്കുന്നു. കണ്ണ്, ചെവി എന്നീ അവയങ്ങൾ അതിനുണ്ടെങ്കിലും മനുഷ്യൻ കാണുന്നതുപോലെ ബോധാവസ്ഥയിൽ കാണുകയോ, കേൾക്കുകയോ ചെയ്യുന്നില്ല. പല വികാരഭാവങ്ങളും (emo- tions) അബോധാവസ്ഥയിൽ പ്രകടിപ്പിക്കുന്ന റൊബോട്ടുകളെയും (ഉദാ. Nao robot) ഇതിനകം നമുക്ക് നിർമ്മിക്കാനായിട്ടുണ്ട്.



ചിത്രം 1. മനുഷ്യനിർമ്മിത റൊബോട്ട്

ഖുർആനിക വെളിപാടുകളുടെ പശ്ചാത്തലത്തിൽ മനുഷ്യനിർമ്മിത റൊബോട്ട് പോലെ അബോധാവസ്ഥയിൽ പ്രവർത്തിക്കുന്ന ഒരു ജീവാവസ്ഥയായി മൃഗത്തെ കാണാവുന്നതാണ്. അതായത് മനുഷ്യനിർമ്മിത റൊബോട്ട് മൃഗമെന്ന ബയോസിസ്റ്റത്തിന്റെ കൃത്രിമ പ്രതിരൂപമെന്ന് വിശേഷിപ്പിക്കാം. അതുകൊണ്ടാണ് മൃഗത്തിന് കണ്ണുണ്ടെങ്കിലും അത് കാണുന്നില്ലെന്നും, ചെവിയുണ്ടെങ്കിലും അത് കേൾക്കുന്നില്ലെന്നും ഖുർആൻ പറയുന്നത്. അല്ലാഹുവിന്റെ ദാസനായി (റൊബോട്ടായി) രൂപകൽപനചെയ്തു സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യ ബയോസിസ്റ്റം ഇതിൽനിന്നും ഏറെ വിഭിന്നമാണ്. ജീവപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന അബോധാവസ്ഥയിൽ പ്രവർത്തിക്കുന്ന പ്രോസസ്സർ കൂടാതെ ബോധത്തോടെ തീരുമാനസ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുന്ന പ്രോസസ്സറും മനുഷ്യ ബയോസിസ്റ്റത്തിലുണ്ട്. അതാണ് ഖുർആനിൽ പ്രതിപാദിച്ചിരിക്കുന്ന ഖൽബ് അഥവാ മനസ്സ്. ബോധത്തോടെ പ്രവർത്തിക്കുന്ന പ്രോസസ്സറായിട്ടാണ് (വിവരസംസ്കരണ യന്ത്രം) ഖുർആൻ മനുഷ്യമനസ്സിനെ വർണ്ണിക്കുന്നത്. മനസ്സിലാക്കൽ, പഠിക്കൽ എന്നീ ബോധത്തോടെയുള്ള കൃത്യങ്ങൾ മനസ്സാണ് ചെയ്യുന്നതെന്ന് ഖുർആൻ വെളിപ്പെടുത്തുമ്പോൾ മനുഷ്യബയോസിസ്റ്റത്തിനു ബോധം നൽകുന്നത് മനസ്സാണെന്ന് പറയാം.

22:46 ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ച് മനസ്സിലാക്കാനുതകുന്ന മനസ്സോ, കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. പക്ഷെ, സദ്റുകളിലുള്ള മനസ്സുകളെയാണ് അന്ധത ബാധിക്കുന്നത്.

47:24 അപ്പോൾ അവർ ഖുർആൻ ചിന്തിച്ചുമനസ്സിലാക്കുന്നില്ലേ? അതല്ല, മനസ്സുകളിൻമേൽ പൂട്ടുകളിട്ടിരിക്കയാണോ?

മനസ്സെന്ന പ്രോസസ്സറാണ് മനുഷ്യബയോസിസ്റ്റത്തെ ബോധമുള്ളതാക്കുന്നതും ബോധത്തോടെ പ്രതികരിപ്പിക്കുന്നതും. മനസ്സിന്റെ വികാസത്തിനുമുമ്പ് മനുഷ്യശിശുവിന്റെ അവസ്ഥയും മൃഗത്തെപോലെയായിരിക്കും. അതിന്റെ എല്ലാ പ്രവർത്തനങ്ങളും അബോധാവസ്ഥയിലാണ്. മുലകുടിക്കുന്നതും കൈകാലുകൾ ചലിപ്പിക്കുന്നതും കരയുന്നതും ചിരിക്കുന്നതുമെല്ലാം അബോധാവസ്ഥയിലാണ്. അത് ചിരിക്കുന്നത് അറിഞ്ഞുകൊണ്ടല്ല, കരയുന്നത് വേദന അനുഭവപ്പെടുന്നത് കൊണ്ടല്ല; മൃഗത്തെപോലെ അബോധാവസ്ഥയിൽ ബാഹ്യേന്ദ്രിയങ്ങളിലൂടെയും അകത്തുനിന്നും ഉത്ഭവിക്കുന്ന സിഗ്നലുകളോട് പ്രതികരിക്കുന്നതിന്റെ പ്രതിഫലനമായാണ് ഇത്തരം പ്രകടനങ്ങളെ മനസ്സിലാക്കേണ്ടത്.

മൃഗങ്ങളെ ബോധമില്ലാത്ത ബയോസിസ്റ്റമായി സൃഷ്ടിച്ചിരിക്കുന്നത് മനുഷ്യാവശ്യങ്ങൾക്കുവേണ്ടിയാണ്. കൂടാതെ അല്ലാഹു അവയെ മനുഷ്യനു കീഴ്പ്പെടുത്തിത്തരികയും ചെയ്തിരിക്കുന്നു. അതായത് അവയുടെ ബയോസോഫ്റ്റ്വെയർ ആ വിധത്തിലാണ് അല്ലാഹു രൂപകൽപന ചെയ്തിരിക്കുന്നതെന്ന് സാരം. അങ്ങനെയല്ലായിരുന്നുവെങ്കിൽ അവയെ ഇണക്കാൻപോലും നമുക്ക് സാധിക്കുമായിരുന്നില്ല.

36:71–72 നമ്മുടെ കൈകൾ നിർമിച്ചതിൽപ്പെട്ട കാലികളെ അവർക്ക് (മനുഷ്യർക്ക്) വേണ്ടിയാണ് നാം സൃഷ്ടിച്ചിരിക്കുന്നതെന്ന് അവർ കണ്ടില്ലേ? അങ്ങനെ അവർ അവയുടെ ഉടമസ്ഥരായ ിരിക്കുന്നു. അവയെ അവർക്ക് വേണ്ടി നാം കീഴ്പെടുത്തിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ അവയിൽ നിന്നാകുന്നു അവർക്കുള്ള വാഹനം. അവയിൽ നിന്ന് അവർ (മാംസം) ഭക്ഷിക്കുകയും ചെയ്യുന്നു.

43:12–13 എല്ലാ ഇണകളെയും സൃഷ്ടിക്കുകയും നിങ്ങൾക്ക് സവാരി ചെയ്യാനുള്ള കപ്പലുകളും കാലികളെയും നിങ്ങൾക്ക് ഏർപെടുത്തിത്തരികയും ചെയ്തവൻ. അവയുടെ പുറത്ത് നിങ്ങൾ ഇരിപ്പുറപ്പിക്കാനും എന്നിട്ട് നിങ്ങൾ അവിടെ ഇരിപ്പുറപ്പിച്ചു കഴിയുമ്പോൾ നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹം നിങ്ങൾ ഓർമിക്കുവാനും, നിങ്ങൾ ഇപ്രകാരം പറയുവാനും വേണ്ടി: ഞങ്ങൾക്ക് വേണ്ടി ഇതിനെ വിധേയമാക്കിത്തന്നവൻ എത്ര പരിശുദ്ധൻ! ഞങ്ങൾക്കതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല.

കൊല്ലപ്പെടുമ്പോൾ വേദന അനുഭവിക്കുന്ന ജീവവ്യവസ്ഥയായിട്ടല്ല മൃഗങ്ങളെ ദൈവം സൃഷ്ടിച്ചിരിക്കുന്നത്. സ്രഷ്ടാവായ അല്ലാഹു സൃഷ്ടികളോട് അങ്ങേയറ്റം കരുണയുള്ളവനാണ്. സ്രഷ്ടാവിന്റെ കാരുണ്യം അവന്റെ സൃഷ്ടികളിലെല്ലാം വ്യാപിച്ചു കിടക്കുന്നു. അത് മനസ്സിലാക്കാൻ ഖുർആനിക വെളിപാടുകളെ ശാസ്ത്രാടിസ്ഥാനത്തിൽ വിശകലനം ചെയ്തു പഠിക്കേണ്ടിയിരിക്കുന്നു.